## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. ഷീബ ജോർജ്ജ്.IAS)

തിരുവനന്തപുരം

ഉത്തരവ് നം ഇ1/7862/19 തീയതി.14/08/2019

വിഷയം:-സാമൂഹ്യനീതിവകുപ്പ്– ജീവനക്കാര്യം – സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റ നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :-1)12/06/2019 ലെ E9/13849/18/DSJ(1) നമ്പർ ഗസറ്റ് നോട്ടിഫിക്കേഷൻ

സാമൂഹ്യ നീതി വകുപ്പിലെ സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് 2019 വർഷത്തെ ഒഴിവുകളിലേയ്ക്ക് ലോവർ ഡി.പി.സി. തയ്യാറാക്കിയ സെലക്ട് ലിസ്റ്റ് പരാമർശം (1) പ്രകാരം സർക്കാർ അംഗീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

2.) സീനിയർ സൂപ്രണ്ട് തസ്തികയിൽ കണ്ണൂർ ജില്ലാതല ഐ.സി.ഡി.എസ് സെൽ, കോട്ടയം ജില്ലാതല ഐ.സി.ഡി.എസ് സെൽ, എറണാകുളം ജില്ല സാമൂഹ്യനീതി ഓഫീസ് എന്നീ കാര്യാലയങ്ങളിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.അസൈനാർ.കെ.പി., ശ്രീ.രഞ്ചുനാഥൻ ശ്രീ.ടോമി.എം.ജോസഫ്, എന്നീ ജീവനക്കാർ സേവനത്തിൽ നിന്നും വിരമിച്ചതിനെ തുടർന്ന് യഥാക്രമം 30/04/2019, 31/05/2019, 31/05/2019 എന്നീ തീയതികളിൽ മൂന്ന് ഒഴിവുകൾ നിലവിലുണ്ടായിട്ടുണ്ട്. വകുപ്പിൽ നിലവിലുള്ള മൂന്ന് സീനിയർ സൂപ്രണ്ട് തസ്തികകളിലെ ഒഴിവുകളിലേയ്ക്കും, ലോവർ ഡി.പി.സി. തയ്യാറാക്കിയ സർക്കാർ അംഗീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ള പരാമർശം (1) സെലക്ട് ലിസ്റ്റിലെ മൂന്ന് ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം അനുവദനീയമാണ്.

3.) ഈ സാഹചര്യത്തിൽ നിലവിലുള്ള മൂന്ന് സീനിയർ സൂപ്രണ്ട് തസ്തികകളിലേയ്ക്കും പരാമർശിത സെലക്ട് ലിസ്റ്റിലെ ക്രമ നം 1,2,3 ആയി ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന ജീവനക്കാർക്ക് സീനിയർ സൂപ്രണ്ട് തസ്തികയിൽ കെ.എസ്&എസ്.എസ്.ആർ ചട്ടം 28 എ (1) പ്രകാരം രൂപ 36600–79200 ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി അവരവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന കാര്യാലയങ്ങളിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്<br>തസ്തിക ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം<br>നൽകി നിയമിക്കുന്ന തസ്തിക കാര്യാലയം |
|---|---|---|
| 1 | ശ്രീമതി.ബിന്ദുഭായ്.കെ.ആർ<br>ജൂനിയർ സൂപ്രണ്ട്<br>ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസ്<br>കൊടുങ്ങല്ലൂർ | സീനിയർ സൂപ്രണ്ട്<br>ജില്ലാതലഐ.സി.ഡി.എസ്.സെൽ കോട്ടയം |
| 2 | ശ്രീമതി.ഷീബ.കെ<br>ജൂനിയർ സൂപ്രണ്ട്<br>ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസ്<br>കോഴിക്കോട് അർബൻ-I | സീനിയർ സൂപ്രണ്ട്<br>ജില്ല സാമൂഹ്യനീതി ഓഫീസ് കണ്ണൂർ |
| 3 | ശ്രീ.ലക്ഷ്മി നാരായണൻ.എം.എൻ<br>ജൂനിയർ സൂപ്രണ്ട്<br>ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസ്<br>മണ്ണാർക്കാട് | സീനിയർ സൂപ്രണ്ട്<br>ജില്ല സാമൂഹ്യനീതി ഓഫീസ് എറണാകുളം |

4.) ശ്രീമതി.ബിന്ദുഭായ്.കെ.ആർ ജോലി ക്രമീകരണ വ്യവസ്ഥയിൽ പൂർണ്ണ അധിക ചുമതല വഹിച്ച് വരുന്ന തൃശ്ശൂർ ആശാഭവൻ (വിമൺ) സൂപ്രണ്ട് ഗ്രേഡ്-I തസ്തികയുടെ പൂർണ്ണ അധിക ചുമതല തൃശ്ശൂർ മഹിളമന്ദിരം സൂപ്രണ്ടായ ശ്രീമതി.ഉഷ.പി.എസ് ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതു വരെ അധികമായി നിർവഹിക്കേണ്ടതാണ്

5.) ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് വനിത-ശിശു വികസന/സാമൂഹ്യ നീതി വകുപ്പിൽ നിയമനം നൽകുന്നത് തികച്ചും താൽക്കാലികമായിരിക്കും. വിശേഷാൽ ചട്ടം നിലവിൽ വരുന്ന മുറയ്ക്ക് ജീവനക്കാരുടെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ വകുപ്പ് അന്തിമമായി നിർണ്ണയിക്കുന്നതാണ്.

6). ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കും. ഉദ്യോഗക്കയറ്റം/സ്ഥലം മാറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃത പ്രവേശനകാലത്തിനും യാത്രബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

7). ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ കാര്യലയ മേധാവി വിടുതൽ ചെയ്യേണ്ടതും ജീവനക്കാർ യഥാസമയം ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. ജീവനക്കാരുടെ വിടുതൽ/പ്രവേശനം എന്നിവ സംബന്ധിച്ച റിപ്പോർട്ടും ആർ.ടി.സിയും കാര്യാലയ മേധാവികൾ അയച്ചുതരേണ്ടതാണ്.

(ഒപ്പ്)
സാമൂഹ്യനീതിഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്
(കാര്യാലയ മേധാവികൾ മുഖേന)

<u>പകർപ്പ്</u>

1.ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
3.അക്കൗണ്ടന്റ് ജനറൽ (ആമുഖ കത്ത് സഹിതം)
3.വനിത ശിശു വികസന ഡയറക്ടർ
4.ജില്ല സാമൂഹ്യനീതി ഓഫീസർ/പ്രോഗ്രാം ഓഫീസർമാർക്ക്
5.സൂപ്രണ്ട് ഐ.ടി സെക്ഷൻ (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)
6.ഡയറക്ടറുടെ സി.എ.യ്ക്ക്
7.സ്റ്റോക്ക്ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്